# പതിനാലാം കേരള നിയമസഭ
# (പതിനാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1424** 04.02.2019-ൽ മറുപടിയ്ക്ക്

## സമഗ്ര തീരദേശ പാക്കേജ് പദ്ധതി റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ. കെ.ജെ. മാക്സി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കടലാക്രമണത്തിൽ വീട്ടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | എ) 2016-17 ൽ കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 2016-17 ൽ 25 കോടി രൂപയുടെ പ്രത്യേക പാക്കേജിന് സർക്കാർ ഭരണാനുമതി നൽകുകയും ഇവർക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുകയും ചെയ്തു വരുന്നു. പദ്ധതിയിൽ ഉൾപ്പെട്ട 119 പേർ ഇതിനകം ഭൂമി വാങ്ങുകയും 112 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. |
| ബി) തീരത്തുനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത അകലത്തേക്ക് മാറ്റിപ്പാർപ്പിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | ബി) തീരത്തുനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത അകലത്തേക്ക് മാറ്റിപ്പാർപ്പിക്കുന്ന പദ്ധതിയുടെ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) കരട് മത്സ്യനയത്തിൽ മത്സ്യത്തൊഴിൽ മേഖലയുടെ സമഗ്ര വികസനത്തിനായുള്ള വീക്ഷണം അറിയിക്കാമോ; | സി) കടലിലേയും, ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യസമ്പത്തിനെ പരിപാലിച്ചും നാശോന്മുഖമായി കൊണ്ടിരിക്കുന്ന ജല ആവാസ വ്യവസ്ഥകൾ പുനരുജ്ജീവിപ്പിച്ചും ശാസ്ത്രീയ ജലകൃഷി പരിപാലന മുറകൾ അവലംബിച്ചും, മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുക വഴി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും മത്സ്യത്തൊഴിലാളികളുടെയും മത്സ്യ കർഷകരുടെയും ആളോഹരി വരുമാനം ഇരട്ടിയാക്കുകയും മത്സ്യത്തൊഴിലാളികളുടെ തൊഴിൽ വേളയിലുള്ള അപകട സാദ്ധ്യത പരമാവധി കുറയ്ക്കുന്നതിനായി ജീവൻ സുരക്ഷ ഏർപ്പെടുത്തിയും |

| | |
|---|---|
| | പ്രകൃതി ക്ഷോഭം മൂലം മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ കൃഷിക്കും ഉണ്ടാകാൻ സാദ്ധ്യതയുള്ള നഷ്ടം പരിഹരിച്ച് അവ പുനരുജ്ജീവി പ്പിക്കുന്നതിനും അതുവഴി സാമൂഹിക സുരക്ഷ ഉറപ്പു വരുത്തുകയുമാണ് വീക്ഷണം. |
| ഡി) ഓഖി ദുരന്ത പശ്ചാത്തലത്തിൽ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര തീരദേശ പാക്കേജിന്റെ പദ്ധതി റിപ്പോർട്ട് തയ്യറാക്കിയിട്ടുണ്ടോ; | ഡി) സമഗ്ര പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. അതോടൊപ്പം, തീരസംരക്ഷണം, മത്സ്യബന്ധന ഹാർബറുകളുടെ വികസനം, തീരദേശത്തെ ആരോഗ്യസംവിധാനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയ അടിയന്തിര സ്വഭാവമുള്ള പദ്ധതികൾ ഇതിനകം ഏറ്റെടുത്ത് കിഫ്ബി സഹായത്തോടെ നടപ്പാക്കാനാരംഭിച്ചു. |
| ഇ) തീരദേശവാസികളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതി ആവശ്യത്തോട് കേന്ദ്രസർക്കാരിന്റെ സമീപനം എന്തായിരുന്നുവെന്ന് അറിയിക്കാമോ? | ഇ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 7340 കോടി രൂപയുടെ ഓഖി പുനരധിവാസ പാക്കേജ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു.<br><br>ആഗസ്റ്റ് മാസത്തിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഫിഷറീസ് മേഖലയുടെ സമഗ്ര വികസനത്തിനായി 1086.86 കോടി രൂപയുടെ പുനരധിവാസ പാക്കേജ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ഇവയ്ക്ക് രണ്ടിനും കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായിട്ടില്ല. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

തീരദേശത്ത് നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റി പാർപ്പിക്കാൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | പദ്ധതിയുടെ പുരോഗതി |
|---|---|---|
| 1 | കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പുനരധിവാസം (2016-17) | 248 ഗുണഭോക്താക്കളിൽ 119 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 112 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. |
| 2 | 750 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം (2017-18) | 750 ഗുണഭോക്താക്കളിൽ 343 പേർ ഭൂമി കണ്ടെത്തി രജിസ്റ്റർ ചെയ്യുകയും ഇവരിൽ 240 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. മറ്റുള്ളവർ ഭൂമി കണ്ടെത്തുന്നതിന് നടപടി എടുത്തു വരുന്നു. |
| 3 | 1200 പേർക്ക് 200 മീറ്ററിന് വെളിയിൽ ഭവനം നിർമ്മിക്കുന്നതിന് ധനസഹായം @ 4 ലക്ഷം/ യൂണിറ്റ് | 1200 ഗുണഭോക്താക്കളിൽ 603 പേർ 2016-17-ൽ ഭൂരഹിത ഭവന രഹിത പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കി സ്ഥലം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഭവന നിർമ്മാണം ആരംഭിച്ച 580 പേരിൽ 291 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 1 ഹെക്ടർ സ്ഥലം ഏറ്റെടുക്ക ുന്നത് (2017-18) | തിരുവനന്തപുരം കാരോട് വില്ലേജിൽ 1.05 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. |
| 5 | ഫ്ളാറ്റ് അപ്പാർട്ട്മെന്റ് നിർമ്മാണം (2017-18) | തിരുവനന്തപുരം മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് നിർമ്മാണം പൂർത്തീകരിച്ചു 187 ഗുണഭോക്താക്കൾക്ക് ഫ്ളാറ്റ് കൈമാറിയിട്ടുണ്ട്. |
| 6 | ഫ്ലാറ്റ് അപ്പാർട്ട്മെന്റ് നിർമ്മാണം (2018-19) | തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപള്ളി, വലിയതുറ എന്നിവിടങ്ങളിലും കൊല്ലം ജില്ലയിലെ ക്യു.എസ്.എസ്. കോളനി, ആലപ്പുഴ ജില്ലയിലെ പുറക്കാട് മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര എന്നിവിടങ്ങളിലായി 772 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 2018-19 വർഷം ഭരണാനുമതി നൽകി കഴിഞ്ഞു. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ